## 4. റിപ്പോർട്ട് സമർപ്പണം

1. <u>കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കാര്യോപദേശക സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. <u>യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്</u>

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

3. <u>സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാല് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ട്</u>

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ കമ്മിറ്റിയുടെ പതിനാല് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

4. <u>സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഇരുപത്തിമൂന്ന് മുതൽ</u>

ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ട്

ശ്രീ. മുരളി പെരുനെല്ലി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിമൂന്ന് മുതൽ ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

5. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. ബി. സത്യൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ 2019 മുതൽ 2021 വരെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ ഏഴാമത് റിപ്പോർട്ട് 2019 ജനുവരി 1-മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച ജനറൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.